വയലന്റായിരുന്നുവെങ്കിൽ പോലീസ് എന്തെങ്കിലും ചെയ്യുമായിരുന്നു. പോലീസ് സ്റ്റേഷനിൽ വന്നതിനുശേഷം ജിനുവിന്റെ പെരുമാറ്റം തികച്ചും അനുസരണയോടുകൂടിയതായിരുന്നു. ഇതിനപ്പുറം എന്തെങ്കിലുമുണ്ടെങ്കിൽ അത് ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കും. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) പാലക്കാട് ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. കെ. ബാലൻ : സർ, പാലക്കാട് ജില്ലയിൽ പൊതുവേയും കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രത്യേകിച്ചും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന്റെ ഫലമായി പതിനെണ്ണായിരത്തിൽപ്പരം തൊഴിലാളികളും അവരുടെ കുടുംബങ്ങളും തീരാദുരിതത്തിലും മുഴുപ്പട്ടിണിയിലുമാണ്. 50 വൻകിട-ഇടത്തരം സ്ഥാപനങ്ങളും 150-ഓളം ചെറുകിട-വ്യവസായ യൂണിറ്റുകളും ഇതിനകം അടച്ചുപൂട്ടിക്കഴിഞ്ഞു. ഈ ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും പ്രതിപക്ഷ നേതാവിന്റേയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റിൽ ഒരു വർഷം മുൻപ് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. വ്യവസായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഈ സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിന് കളക്ടർ ചെയർമാനായിട്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ഫലപ്രദമായ ഒരു യോഗം അതിനുശേഷം വിളിച്ചു ചേർക്കാൻ കഴിഞ്ഞിട്ടില്ല. യൂണിയൻ നേതാക്കൻമാർ മുൻകൈയെടുത്ത് ഒരു textile mill (Bhagavathy Textiles) തുറപ്പിക്കുന്നതിനും മറ്റൊരു textile കമ്പനി (Teatex) തുറപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇതിൽ ഗവൺമെന്റിന്റേയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയോ ഒരു പങ്കുമില്ല. ടാറ്റയുടെ വളരെ പ്രധാനപ്പെട്ട ഏകമാനുഫാക്ചറിംഗ് കമ്പനിയായ ടാറ്റാ ഫോൺ അടച്ചുപൂട്ടി മാനേജുമെന്റ് സ്ഥലംവിട്ടു. തൊഴിലാളികൾക്ക് നാമമാത്രമായ ചില ആനുകൂല്യങ്ങൾ കൊടുത്തു. മറ്റൊരു സ്ഥാപനത്തിലേയും തൊഴിലാളികൾക്ക് ഒരു ആനുകൂല്യം പോലും കൊടുത്തില്ല. ഇന്ത്യാ രാജ്യത്ത് അറിയപ്പെടുന്ന ബി.പി.എൽ. സാനിയോ കമ്പനിയുടെ 14 subsidiary യൂണിറ്റുകളും അടച്ചുപൂട്ടി. ആയിരത്തിൽപ്പരം തൊഴിലാളികളാണ് ഒരു ആനുകൂല്യവും കിട്ടാതെ വഴിയാധാരമായത്. മദ്രാസ് സ്പിന്നേഴ്സ് മില്ലിലെ മുതലാളി 450 തൊഴിലാളികളെ പിരിച്ചുവിട്ടു. ആ സ്ഥാപനം ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തു. ഇപ്പോൾ company wind up ചെയ്തു. തൊഴിലാളികൾക്ക് ഒരു ആനുകൂല്യങ്ങളും ലഭിച്ചില്ല. ഇപ്പോൾ കെ. എസ്. ഇ. ബി.-യ്ക്കുള്ള കുടിശ്ശികയുടെ പേരിൽ കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

ആർ. ആർ.-ന് വച്ചിരിക്കുകയാണ്. തൊഴിലാളികളുടെ 10 കോടി രൂപയോളം വരുന്ന ആനുകൂല്യങ്ങൾ കൊടുത്തതിനുശേഷം മാത്രമേ ആർ.ആർ. നടപടി തുടരാൻ സമ്മതിക്കുകയുള്ളുയെന്ന് പറഞ്ഞ് തൊഴിലാളികൾ ആർ.ആർ. നടപടി തടസ്സപ്പെടുത്തിയിരിക്കുകയാണ്. കീടനാശിനി ഉൽപ്പാദിപ്പിക്കുന്ന ടാറ്റാ ഗ്രൂപ്പിന്റെ കീഴിലുള്ള റാലീസ് ഇന്ത്യ, സിലിക്കൺ, ഏഷ്യയിലെ ആധുനിക ടെക്സ്റ്റയിൽ കോംപ്ലക്സായ Teatex, Sunmetals and Alloys, രാമകൃഷ്ണ കാർബൈഡ്, വെൽഡിംഗ് റോഡ് നിർമ്മിക്കുന്ന കെൽട്രോഡ്, പന്പ്സെറ്റ് നിർമ്മിക്കുന്ന കന്പനിയായ ടെക്ട്യൂൾ, Hitex Electro Termix, ശ്രീ ബാലാജി ടെക്സ്റ്റയിൽ, ബാലാജി മോഡൽ സ്പിന്നിംഗ് മിൽ, അതുല്യ സിമെന്റ്സ്, സ്നേഹപ്രഭ മിൽ, ഹംസവേണി കാർബയിഡ്, ശിവശക്തി എഞ്ചിനീയറിംഗ്, ക്രസന്റ് സിമെന്റ്, ബാംപ്ളർ കാർബൈഡ്, സ്റ്റാർ കാർബൈഡ്, ഇൻഡോ ടെക്, പാണ്ഡ്യൻ കെമിക്കൽസ്, ശ്രീലാപ്സിൻ തുടങ്ങിയ കന്പനികളാണ് അടച്ചുപൂട്ടിയത്. ബാക്കിയുള്ള കന്പനികളുടെ പേരൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ 10 വർഷമായി 45 കോടി രൂപ ലാഭമിനത്തിൽ സർക്കാരിന് നൽകിയ മലബാർ സിമെന്റ്സ് ഇപ്പോൾ നഷ്ടത്തിലാണ്. ഈ സാഹചര്യത്തിൽ മലപ്പുറത്ത് ഒരു ഗ്രൈന്റിംഗ് യൂണിറ്റ് എം.സി.എൽ.-ന്റെ പേരിൽ ബാങ്കിൽ നിന്ന് 60 കോടി രൂപ കടമെടുത്താണ് തുടങ്ങാൻ പോകുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 22 കോടി രൂപ ലാഭമുണ്ടാക്കിയ മലബാർ സിമെന്റ്സ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പത്തരക്കോടി രൂപ നഷ്ടത്തിലായി. വൻ ലാഭത്തിൽ പ്രവർത്തിച്ച വ്യവസായ വകുപ്പിന്റെ കീഴിലുള്ള ചിറ്റൂർ ഷുഗർ മിൽസ് അടച്ചുപൂട്ടിയിട്ട് ഒരു വർഷത്തിലധികമായി. കരിന്പ് കൃഷിക്കാർക്കുള്ള രണ്ട് കോടി രൂപയുടെ കുടിശ്ശികയും കൊടുത്തുതീർക്കാനുണ്ട്. ഇതുവരെ കൊടുത്തിട്ടില്ല. 500 തൊഴിലാളികൾ പണിയെടുത്തിരുന്ന, അയ്യായിരത്തോളം വരുന്ന കൃഷിക്കാർക്ക്, അതുപോലെതന്നെ പതിനായിരത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത നൽകിയ ഒരു സ്ഥാപനമാണ് ചിറ്റൂർ ഷുഗർ ഫാക്ടറി. ബിവറേജസ് കോർപ്പറേഷൻ ഇത് ഏറ്റെടുക്കുമെന്ന് അന്നത്തെ വകുപ്പുമന്ത്രി ഉറപ്പു നൽകിയതാണ്. ഇപ്പോൾ വി.ആർ.എസ്. കൊടുത്ത് തൊഴിലാളികളെ പിരിച്ചു വിടാനാണ് പോകുന്നത്. ഒലവക്കോട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 'കെൽ' 49 തൊഴിലാളികളെ എസ്.എസ്.എൻ.പി. (സോഷ്യൽ സെക്യൂരിറ്റി നെറ്റ് പ്രോഗ്രം) പ്രകാരം പിരിച്ചുവിട്ടു. ബാക്കിയുള്ള തൊഴിലാളികളെ കാസർഗോഡ് യൂണിറ്റിലേക്ക് മാറ്റാൻ പോകുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തു. ഇപ്പോൾ L & T കന്പനിക്ക് കൈമാറാൻ പോകുകയാണ്. കേരള ഗവൺമെന്റ് ഒരേക്കറിന് ഒരു രൂപവച്ച് കൊടുത്ത 120 ഏക്കർ സ്ഥലമാണ് ഇപ്പോൾ 16 കോടി രൂപയ്ക്ക് L & T കന്പനിക്ക് കൈമാറാൻ പോകുന്നത്. പൊതുമേഖലാ സ്ഥാപനമായ ഐ.റ്റി.ഐ. ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തു. പത്ത് വർഷത്തിനിടയിൽ 523 കോടി രൂപ ലാഭമുണ്ടാക്കിയ ഈ സ്ഥാപനം 612 കോടി രൂപ നികുതിയിനത്തിൽ തന്നെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുത്തതാണ്. ഇതേയവസരത്തിൽതന്നെ ഇരുന്പ് ഉരുക്ക് കന്പനികൾക്ക് ഒരു പ്രശ്നവുമില്ല. അറിടെ നാമമാത്രമായ കോൺട്രാക്ട് തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്ന ഈ സ്ഥാപനങ്ങൾ വൈദ്യുതി കുടിശ്ശികയിനത്തിൽ മാത്രം 225 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ഇപ്പോൾ ആർ.ആർ.-ന് വരുമ്പോൾ അടച്ചുപൂട്ടും. അഞ്ചുകൊല്ലം കൊണ്ട് പരമാവധി ലാഭമുണ്ടാക്കി ഇവർ സ്ഥലം വിടും. പൂട്ടിയ Hitect 92 കോടി രൂപയാണ് ഇലക്ട്രിസിറ്റി ബോർഡിന് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളത്. സിലിക്കൺ കമ്പനി 29 കോടി രൂപ, Landsil രണ്ട് കോടി രൂപ, ശ്രീലക്ഷ്മി എന്ന കമ്പനി 10.5 കോടി രൂപ ഈ ക്രമത്തിൽ കൊടുക്കാനുണ്ട്. പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ മാത്രം 37 ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിക്കുന്നു. ഇതൊന്നും ഒരു ലൈസൻസും കിട്ടി പ്രവർത്തിക്കുന്നവയല്ല. പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്താൽ ഗവൺമെന്റ് ഇടപെടും കമ്പനി കോടതിയിൽപ്പോകും. ഏഴ് വൻകിട ഇരുമ്പുരുക്ക് കമ്പനികൾ ഇപ്പോൾ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വൈദ്യുതി മോഷ്ടിക്കൽ ഇവയുടെ സ്ഥിരം തൊഴിലാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് 29 കോടി രൂപയുടെ വൈദ്യുതി കളവ് നടത്തിയെന്നാണ്. ആ കമ്പനികളെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. പത്ത് തൊഴിലാളികൾക്കുപോലും അവിടെ തൊഴിൽ സാദ്ധ്യതയില്ല. ബീഹാറിൽ നിന്നും യു.പി.-യിൽ നിന്നും പഞ്ചാബിൽ നിന്നുംവരുന്ന കുറച്ച് തൊഴിലാളികൾ നാമമാത്രമായ പത്തോ ഇരുപത്തിയഞ്ചോ രൂപയ്ക്കാണ് അവിടെ പണിയെടുക്കുന്നത്. പരിസ്ഥിതി പ്രശ്നമുണ്ടാകുന്ന ഈ സ്ഥാപനത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡ്പോലും അംഗീകരിച്ചിരിക്കുകയാണ്. 'Patspim' എന്ന പേരിൽ എക്സ്പോർട്ട് നൂൽ ഉണ്ടാക്കുന്ന ഒരു കമ്പനിയുണ്ട്. അവിടെ ആയിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അതിന്റെ തൊട്ടടുത്ത മലിനീകരണമുണ്ടാക്കുന്ന പാരഗൺ ഇൻഡസ്ട്രീസ് എന്നൊരു സ്ഥാപനവും ഉണ്ട്. ആ കമ്പനിയിൽ നിന്നു വരുന്ന പുകയുടെ ഫലമായി മലിനീകരണം ഉണ്ടാകുകയും ആ കമ്പനി അടച്ചുപൂട്ടാൻ പോകുകയുമാണ്. നിരവധി തൊഴിലാളികൾ പട്ടിണിയിലാണ്. തൊഴിലാളികളിൽ പലരും രോഗികളാണ്. രോഗികളായ പല തൊഴിലാളികൾക്കും ആനുകൂല്യം കിട്ടുന്നില്ല. മദ്രാസ് സ്പിന്നേഴ്സിലെ ആരോഗ്യസ്വാമി എന്ന തൊഴിലാളി ശവപ്പെട്ടി വിറ്റാണ് ഇപ്പോൾ ജീവിക്കുന്നത്. Sun metals തൊഴിലാളി രാമദാസ് വൃക്ക വിറ്റു. മദ്രാസ് സ്പിന്നേഴ്സിലെ തൊഴിലാളി തങ്കവേലു ആത്മഹത്യ ചെയ്തു. മണി എന്ന ഒരാൾ ചികിൽസകിട്ടാതെ മരിച്ചു. സുകുമാരൻ എന്ന തൊഴിലാളി രോഗിയായി ആർ.സി.സി.-യിൽ ചികിൽസയിലാണ്. പലരും ഇപ്പോൾ ഉള്ള സമ്പാദ്യങ്ങൾ വിറ്റു എന്നുമാത്രമല്ല കുട്ടികളുടെ പഠിത്തം നിർത്തി. 27 പെൺകുട്ടികളുടെ കല്യാണം മുടങ്ങി. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമാണ് ഈ ശ്രദ്ധാക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ കാലഘട്ടത്തിലെങ്കിലും സജീവമായ ഒരു ചർച്ച നടത്തി തുറന്ന് പ്രവർത്തിപ്പിക്കാവുന്ന സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് കഞ്ചിക്കോട് മേഖലയിൽ വ്യവസായ യൂണിറ്റുകൾ മുഴുവൻ അടച്ചുപൂട്ടിപ്പോകുന്നു എന്ന പരാതി ശരിയല്ല. ചില യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ടെങ്കിലും അതിനേക്കാൾ കൂടുതലായി പുതിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ മേൻമക്കുറവ് മാനേജ്മെന്റ് തകരാറ്, സാമ്പത്തിക കുഴപ്പം, വൈദ്യുതി നിരക്കിലെ വർദ്ധന, ബാങ്കുകളുടെ നിസ്സഹകരണം, കമ്പനികൾ യഥാസമയം ആധുനികവൽക്കരിക്കാത്തത്, വിപണിയിലെ മൽസരങ്ങൾ തുടങ്ങിയവയാണ് അടച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ. പൂട്ടിക്കിടക്കുന്നവയിൽ 18 യൂണിറ്റുകൾ തുറന്നു പ്രവർത്തനമാരംഭിച്ചു. ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെട്ട 425 യൂണിറ്റുകൾ പുതുതായി പ്രവർത്തനം തുടങ്ങി. ഇതുമൂലം അയ്യായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനോ തൊഴിൽ ലഭ്യമാക്കുന്നതിനോ, പി.എഫ്., ഇ.എസ്.ഐ. മുതലായ ആനുകൂല്യങ്ങൾ നൽകാനോ സ്ഥാപന ഉടമകൾ തയ്യാറാകുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിനും കഞ്ചിക്കോട് വ്യവസായിക മേഖലയിലുൾപ്പെടെ ജില്ലയിലെ വ്യവസായസ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയും, ധനകാര്യവകുപ്പുമന്ത്രിയും, പ്രതിപക്ഷനേതാവും, ബഹുമാനപ്പെട്ട മെമ്പറും ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും വ്യവസായ മാനേജുമെന്റുകളുടെയും തൊഴിലാളി സംഘടനകളുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം 18-10-2003-ൽ നടന്നു. ആ സംയുക്ത യോഗത്തിൽവച്ച് Industrial Monitoring Committee-ക്ക് രൂപം നൽകുകയുണ്ടായി. ജില്ലാ കളക്ടർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി പത്തു തവണ യോഗം ചേരുകയുണ്ടായി. കമ്മിറ്റി നടത്തിയ നിരീക്ഷണങ്ങളും നൽകിയ നിർദ്ദേശങ്ങളുമടങ്ങിയ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ടെക്നോളജി ട്രാൻസ്ഫറിനുവേണ്ടി ടെക്നോളജി ഇൻകുബേറ്ററുകൾ സജ്ജമാക്കുക. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം അനുസരിച്ച് ജില്ലയിൽ അനുയോജ്യമായ ക്ലസ്റ്ററുകൾ ആരംഭിക്കുക, വ്യവസായങ്ങളുടെ നിലനിൽപ്പിനുവേണ്ടിയുള്ള അനുകൂലസാഹചര്യം ധനകാര്യസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും, മറ്റു സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുക തുടങ്ങിയവയായിരുന്നു ഇൻഡസ്ട്രിയൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശകൾ. കമ്മിറ്റിയുടെ പരിഗണനയിലുണ്ടായിരുന്ന ഭഗവതി ടെക്സ്റ്റൽസ് തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കഞ്ചിക്കോട്ടെ 'ടീ ടെക്സ് പ്രോസ്സസിംഗ് കോംപ്ലക്സ്' തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 5-3-2005-ൽ വീണ്ടും യോഗം ചേരുന്നുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം 17-2-2005-ന് കൂടുകയുണ്ടായി. അടുത്ത യോഗം 5-3-2005-ന് നിശ്ചയിച്ചിരിക്കുകയാണ്. ചിറ്റൂരിലെ ഷുഗർ ഫാക്ടറി ബിവറേജസ് കോർപ്പറേഷന്റെ സഹായത്തോടെ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയുമോയെന്നും അവിടെ അപേക്ഷിച്ച മുഴുവൻ ജീവനക്കാർക്കും വി.ആർ.എസ്. നൽകുന്നതിന് ആവശ്യമായ ധനസഹായം നൽകുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മറ്റൊരു പ്രധാന പ്രശ്നം പറഞ്ഞത് ടാറ്റാഫോൺ ടെക്നോളജി അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ട് ഉൽപ്പാദിപ്പിച്ച ഫോണുകൾ മാർക്കറ്റിൽ വിലകുടുതലും ഔട്ട്ഓഫ് ഫാഷനാകുകയും ചെയ്തതാണ് അത് പൂട്ടാനുണ്ടായ കാരണം എന്നാണ്. അതുപോലെതന്നെ 'കെൽ' മാറ്റിക്കൊണ്ടുപോകുന്ന പ്രശ്നം ഉദിക്കുന്നില്ല. 'കെൽ' അവിടെത്തന്നെ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച ചെയ്യണമെന്നാണ് മെമ്പർ ആവശ്യപ്പെട്ടത്. വിശദമായ ഒരു ചർച്ച ഗവൺമെന്റ് ഉടനെതന്നെ നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ച് തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കുന്ന കമ്പനികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും ഒരളവുവരെ ഏതെങ്കിലും നടപടി സ്വീകരിച്ച് ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതുമാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പല മറുപടികളോടും ഞാൻ യോജിക്കുകയാണ്. പൂട്ടിയ സ്ഥാപനങ്ങളൊക്കെ തൊഴിലാളികളുടെ കുഴപ്പം കൊണ്ടാണ് പൂട്ടിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല. അതിനുപകരം മന്ത്രി പറഞ്ഞത് ഇലക്ട്രിസിറ്റി താരിഫിലുള്ള വർദ്ധനവും ഉദാരവൽക്കരണവും ആണ് കാരണം എന്നാണ്. ആ സത്യം അംഗീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മുന്നിലുള്ള പ്രധാനപ്പെട്ട ചോദ്യം, പട്ടിണി കിടക്കുന്ന ഈ 11,000 തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള പുനരധിവാസ പദ്ധതി വളരെ വ്യക്തതയോടുകൂടി, കോൺക്രീറ്റായി ബഹുമാനപ്പെട്ട മന്ത്രിയുടെ കാലഘട്ടത്തിൽത്തന്നെ തയ്യാറാക്കി ഈ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : ഇതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ഒരു യോഗം നിയമസഭാ സമ്മേളനം കഴിഞ്ഞാൽ പാലക്കാട് വിളിച്ചു ചേർക്കുന്നതാണ്.

(2) പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, 2003-2004-ലെ ബഡ്ജറ്റ് പ്രസംഗം 2003 മാർച്ച് 14-ന് ഈ മഹനീയ സഭയിൽ നടത്തിക്കൊണ്ട് ബഹുമാന്യനായ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ ഇങ്ങനെയാണ് പറഞ്ഞത് This Government is aware that traditional industries very often get a raw dcal in the process of globalisation. Clearly, piecemeal measures over the last several decades with little cohesion or convergence, have failed to alleviate the distress faced by the traditional sector. I am happy to announce that Government intends to constitute a Traditional Industries Support Fund. The fund will have a minimum corpus of Rs. 50 crores. I intend to providc to Rs. 50 crores for the first year 2003-04 as contribution to the corpus of this fund. ഇതേ പ്രസംഗം തന്നെ അദ്ദേഹം 2004-ലും ആവർത്തിച്ചു. അന്ന് അത് നടപ്പാക്കാൻ കഴിഞ്ഞില്ല. വീണ്ടും ആവർത്തിച്ച് അദ്ദേഹം 2004 ജനുവരി 23-ന് പറഞ്ഞത്, കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിച്ചതുപോലെ 50 കോടി രൂപയുടെ ഒരു പ്രാരംഭനിധിയുടെ പ്രവർത്തനം തുടങ്ങുന്നതാണ്, പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതാണ്. പരമ്പരാഗത മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുകയുണ്ടായി. വിദഗ്ദ്ധർ ഒരു ദൗത്യസംഘം രൂപീകരിക്കുന്നതാണ്. എന്ന് പക്ഷേ ഇത്തവണത്തെ ബഡ്ജറ്റ് ഈ കഴിഞ്ഞ ഫെബ്രുവരി 4-ാം തീയതി അവതരിപ്പിച്ചപ്പോൾ ഈ ഫണ്ടിനെക്കുറിച്ചോ അങ്ങനെ ഒരു സംഭവത്തെക്കുറിച്ചോ യാതൊരു പരാമർശവും ബഡ്ജറ്റിൽ ഇല്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു ശ്രദ്ധക്ഷണിക്കൽ വേണ്ടി വന്നത്. യഥാർത്ഥത്തിൽ കശുവണ്ടി വ്യവസായം, കയർ വ്യവസായം, കൈത്തറി വ്യവസായം, ഖാദി, മത്സ്യബന്ധന മേഖല, ഓട് വ്യവസായം കളിമൺപാത്ര വ്യവസായം, കരകൗശല വ്യവസായം ഇതെല്ലാം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളാണ്. പുത്തൻകൂറ്റുകാർ ഈ രംഗത്തുവന്ന് ഏറ്റവും നവീനങ്ങളായ സങ്കേതങ്ങളുടെ പിന്നാലെ വളരെ ധൃതിപിടിച്ച് പായുന്നതുമൂലം നമ്മുടെ ഈ പരമ്പരാഗത മേഖലയെ totally we are ignoring എന്നുള്ള സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. 25 ലക്ഷം കുടുംബങ്ങളെങ്കിലും പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്.

LIBRARY ARCHIVES Kerala Legislative Assembly